13. ഗവൺമെൻറ് കോളേജ്, കൊയിലാണ്ടി
14. ,, ,, എളേരിത്തട്ട്
15. ,, ,, മൊകേരി
16. ,, ,, കൽപ്പറ്റ
17. ,, ,, മഞ്ചേശ്വരം

(ബി) ചില സാങ്കേതിക കാരണങ്ങളാൽ സെലക്ട് ലിസ്റ്റ് തയ്യാറാക്കുവാനുണ്ടായ കാലതാമസം മൂലമാണ് ഈ ഒഴിവുകളിൽ നിയമനം നടത്തുവാൻ സൈകിയത്.

(സി) ഉണ്ട്. പ്രിൻസിപ്പൽ നിയമനത്തിനുവേണ്ട സെലക്ട് ലിസ്റ്റ് തയ്യാറാക്കുകയും ഉടനടി നിയമനം നടത്തുന്നതിനുള്ള നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

(ഡി) ആകെ—216

| | |
|---|---|
| ഇംഗ്ലീഷ് | .. 10 |
| അറബിക് | .. 14 |
| തമിഴ് | .. 8 |
| ഫിലോസഫി | .. 4 |
| ട്രാവൽ ആൻറ് ടൂറിസം | .. 1 |
| സ്റ്റാറ്റിസ്റ്റിക്സ് | .. 3 |
| ഹോം സയൻസ് | .. 3 |
| പൊളിറ്റിക്സ് | .. 9 |
| മലയാളം | .. 22 |
| കണക്ക് | .. 5 |
| കമ്പ്യൂട്ടർ സയൻസ് | .. 2 |
| കെമിസ്ട്രി | .. 24 |
| സുവോളജി | .. 2 |
| ബോട്ടണി | .. 5 |
| ജിയോളജി | .. 1 |
| ഇക്കണോമിക്സ് | .. 26 |
| കോമേഴ്സ് | .. 27 |
| ഹിസ്റ്ററി | .. 13 |
| സംസ്കൃതം | .. 22 |
| ഫിസിക്കൽ എഡ്യുക്കേഷൻ | .. 15 |

## സ്വാശ്രയ കോളേജ് പ്രവേശനവുമായി ബന്ധപ്പെട്ട് നടന്ന ചർച്ചകൾ

192 [1564] ശ്രീ. കോടിയേരി ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സഭയെ മറുപടി നൽകുമോ:

(എ) സ്വാശ്രയ കോളേജ് പ്രവേശനവുമായി ബന്ധപ്പെട്ട് ഉയർന്നു വന്ന വിദ്യാർത്ഥി പ്രക്ഷോഭത്തെ തുടർന്ന് സർക്കാർ വിളിച്ചു ചേർത്ത രാഷ്ട്രീയ പാർട്ടി പ്രതിനിധികളുടെ യോഗത്തിലും തുടർന്നുണ്ടായ വിദ്യാർത്ഥി സംഘടനാ പ്രതിനിധികളുടെ യോഗത്തിലും ചർച്ച ചെയ്യപ്പെട്ട പ്രശ്നങ്ങൾ എന്തൊക്കെയായിരുന്നു;

(ബി) വിദ്യാർത്ഥി സംഘടനകൾ സമരത്തിനാധാരമായി ഉന്നയിച്ച ആവശ്യങ്ങൾ എന്തൊക്കെയായിരുന്നു;



LIBRARY ARCHIVES Kerala Legislative Assembly

(സി) ചർച്ചകളിൽ ഏതെല്ലാം പ്രശ്നങ്ങളിൻമേൽ എന്തെല്ലാം തീരുമാനങ്ങൾ എടുക്കുകയുണ്ടായെന്ന് വിശദമാക്കാമോ;

(ഡി) ഈ തീരുമാനങ്ങളുടെ അടിസ്ഥാനത്തിൽ ഇതിനകം എന്തെല്ലാം നടപടികൾ സ്വീകരിക്കുകയുണ്ടായി;

(ഇ) പ്രൊഫഷണൽ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ മാനേജ്മെൻറ് പ്രതിനിധികളെ സർക്കാർ ചർച്ചയ്ക്ക് വിളിക്കുകയുണ്ടായോ; എങ്കിൽ ഉന്നയിച്ച ആവശ്യങ്ങൾ എന്തൊക്കെയായിരുന്നു; അതിൽ ഏതെല്ലാം കാര്യത്തിൽ തീരുമാനം കൈക്കൊള്ളുകയുണ്ടായി;

(എഫ്) വിദ്യാർത്ഥി സംഘടനകൾ ഉന്നയിച്ച ആവശ്യങ്ങളിൽ മാനേജ്മെൻറുവഴി നടപ്പിലാക്കേണ്ടവ ഏതൊക്കെയായിരുന്നു; അവ നടപ്പിലാക്കാൻ സർക്കാർ എന്തു നടപടി സ്വീകരിക്കുകയുണ്ടായി?

ഉത്തരം

(എ ആൻറ് ബി) സ്വാശ്രയ കോളേജ് പ്രവേശനവുമായി ബന്ധപ്പെട്ട് ഉയർന്നു വന്ന വിദ്യാർത്ഥി പ്രക്ഷോഭത്തെ തുടർന്ന് സർക്കാർ വിളിച്ചുചേർത്ത രാഷ്ട്രീയ പാർട്ടി പ്രതിനിധികളുടെ യോഗത്തിലും തുടർന്നുണ്ടായ വിദ്യാർത്ഥി സംഘടനാ പ്രതിനിധികളുടെ യോഗത്തിലും വിദ്യാർത്ഥി സംഘടനകൾ സമരത്തിനാധാരമായി ഉന്നയിച്ചതുമായ പ്രധാന ആവശ്യം സ്വാശ്രയ കോളേജുകളിലെ മെരിറ്റ് സീറ്റിലെ ഫീസ് സർക്കാർ കോളേജിലെ ഫീസിനു തുല്യമാക്കുക എന്നതായിരുന്നു.

(സി) CAPE-ൻറെ കീഴിലുള്ള സ്വാശ്രയ എൻജിനീയറിംഗ് കോളേജുകളിലെ മെറിറ്റ് സീറ്റിൽ പ്രവേശിപ്പിക്കപ്പെടുന്ന വിദ്യാർത്ഥികൾക്ക് ഗവൺമെൻറ് കോളേജുകളിലെ ഫീസ് നിരക്ക് ബാധകമാക്കുന്നതാണ്. പരിയാരം, കൊച്ചി മെഡിക്കൽ കോളേജുകളിലെ മെരിറ്റ് സീറ്റുകളിൽ കഴിഞ്ഞ വർഷം പ്രവേശിപ്പിക്കപ്പെട്ട വിദ്യാർത്ഥികൾക്ക് ഗവൺമെൻറ് നിരക്കിലുള്ള ഫീസ് ബാധകമാക്കാമെന്നു സമ്മതിച്ചു. ഇക്കൊല്ലം കൗൺസിലിംഗ് പൂർത്തിയായ സാഹചര്യത്തിൽ പരിയാരം, കൊച്ചി മെഡിക്കൽ സീറ്റുകളിൽ പ്രവേശിപ്പിക്കപ്പെട്ട വിദ്യാർത്ഥികളെ സംബന്ധിച്ചിടത്തോളം ഗവൺമെൻറ് ഫീസ് നടപ്പിലാക്കാൻ കഴിയുമോ എന്ന കാര്യം പരിശോധിക്കാമെന്ന് തീരുമാനിച്ചു. ഇതിനു പ്രായോഗിക ബുദ്ധിമുട്ടുണ്ടാവുകയാണെങ്കിൽ അത്തരം വിദ്യാർത്ഥികളെ മറ്റുവിധത്തിൽ സഹായിക്കുന്ന കാര്യവും പരിഗണിക്കുന്നതാണെന്നും തീരുമാനിച്ചു.

(ഡി) സജീവ പരിഗണനയിലാണ്.

(ഇ ആൻറ് എഫ്) മാനേജ്മെൻറുകളുമായി ചർച്ച ചെയ്തിരുന്നു. മെരിറ്റ് സീറ്റിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ഗവൺമെൻറ് നിരക്കിലുള്ള ഫീസ് തന്നെ ബാധകമാക്കണമെന്നും അക്കാര്യത്തിൽ മാനേജ്മെൻറുകൾ സഹകരിക്കണമെന്നുമാണ് അവരോട് ആവശ്യപ്പെട്ടത്. സ്വാശ്രയ മെഡിക്കൽ കോളേജ് മാനേജ്മെൻറുകളുമായും സ്വാശ്രയ എൻജിനീയറിംഗ് കോളേജ് മാനേജ്മെൻറ് പ്രതിനിധികളുമായും ഗവൺമെൻറ് ചർച്ച നടത്തുകയുണ്ടായി. മെഡിക്കൽ കോളേജ് മാനേജ്മെൻറുകളുടെ പ്രതിനിധികൾ മെരിറ്റ് സീറ്റിൽ പ്രവേശനം ലഭിക്കുന്ന വിദ്യാർത്ഥികളിൽ 2 ലക്ഷം രൂപയിൽ താഴെ വരുമാനമുള്ള കുടുംബങ്ങളിലെ കുട്ടികൾക്ക് ഗവൺമെൻറ് നിരക്കിനു തുല്യമായ സംഖ്യ സ്കോളർഷിപ്പായി നൽകുന്ന കാര്യം അനുകൂലമായി പരിഗണിക്കുമെന്നറിയിക്കുകയുണ്ടായി. എൻജിനീയറിംഗ്

LIBRARY ARCHIVES Kerala Legislative Assembly

കോളേജുകളെ സംബന്ധിച്ചിടത്തോളം മെരിറ്റ് സീറ്റിൽ അഡ്മിഷൻ കിട്ടിവരുന്ന ദുർബല വിഭാഗത്തിൽപ്പെട്ട കുട്ടികൾക്ക് സ്കോളർഷിപ്പ് നൽകുന്ന കാര്യം പരിഗണിക്കാമെന്നറിയിച്ചിരുന്നു. പിന്നീട് 60,000 രൂപയിൽ താഴെ വരുമാനമുള്ള കുട്ടികൾക്ക് ഇപ്പോൾ നിലനിൽക്കുന്ന ഫീസിന്റെ പകുതി സ്കോളർഷിപ്പായി നൽകുമെന്ന് അറിയിച്ചിട്ടുണ്ട്.

## അൺഎയ്ഡഡ് മേഖലയിലെ പ്രൊഫഷണൽ സ്ഥാപനങ്ങൾ

193 [1565] ശ്രീ. കെ. സി. ജോസഫ്: താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2001 മുതൽ 2005 വരെ സംസ്ഥാനത്ത് അൺഎയ്ഡഡ് മേഖലയിൽ ആരംഭിച്ച പ്രൊഫഷണൽ ബിരുദ-ബിരുദാനന്തര പഠന സ്ഥാപനങ്ങൾ ഏതെല്ലാം ആണെന്നും ഓരോ സ്ഥാപനങ്ങളിലും ലഭ്യമായ സീറ്റുകൾ എത്രയാണെന്നും വെളിപ്പെടുത്തുമോ?

### ഉത്തരം

2001 മുതൽ 2005 വരെ സംസ്ഥാനത്ത് അൺഎയ്ഡഡ് മേഖലയിൽ ആരംഭിച്ച എഞ്ചിനീയറിംഗ്, എം. സി. എ., എം. ബി. എ., ഹോട്ടൽ മാനേജ്മെന്റ്, മെഡിക്കൽ സ്ട്രീം ഉൾപ്പെടെയുള്ള ബിരുദ-ബിരുദാനന്തര പഠന സ്ഥാപനങ്ങളുടെ പേരുവിവരവും ഓരോ സ്ഥാപനങ്ങളിലും ലഭ്യമായ സീറ്റുകളുടെ എണ്ണവും അനുബന്ധമായി ചേർത്തിരിക്കുന്നു.†

## സ്വാശ്രയ പ്രൊഫഷണൽ കോളേജുകളും വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്കും

194 [1568] ശ്രീ. കെ. പി. രാജേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഉന്നത വിദ്യാഭ്യാസത്തിനായി ഇപ്പോൾ എത്ര പ്രൊഫഷണൽ കോളേജുകൾ പ്രവർത്തിക്കുന്നുണ്ട്;

(ബി) ഇതിൽ സർക്കാർ മേഖലയിലും സ്വകാര്യ മേഖലയിലും എത്ര വീതം ഉണ്ടെന്ന് വെളിപ്പെടുത്താമോ;

(സി) സ്വാശ്രയ പ്രൊഫഷണൽ കോളേജുകളിൽ ഏതൊക്കെ കോഴ്സുകളാണ് നിലവിലുള്ളതെന്ന് വിശദമാക്കാമോ;

(ഡി) കഴിഞ്ഞ നാല് വർഷത്തിനുള്ളിൽ സംസ്ഥാനത്ത് ആരംഭിച്ച സ്വാശ്രയ പ്രൊഫഷണൽ കോളേജുകളുടെ ലിസ്റ്റ് ലഭ്യമാക്കുമോ;

(ഇ) ഈ കാലയളവിൽ സ്വാശ്രയ പ്രൊഫഷണൽ കോളേജുകളിൽ മെരിറ്റിലും മാനേജ്മെന്റ് കാറ്റഗറിയിലും പ്രവേശനം നേടിയ കുട്ടികളുടെ കൊഴിഞ്ഞുപോക്ക് സംബന്ധിച്ച് സർക്കാരോ മറ്റേതെങ്കിലും ഏജൻസികളോ പഠനം നടത്തിയിട്ടുണ്ടോ;

(എഫ്) എങ്കിൽ ഇതിന്റെ വിശദവിവരങ്ങൾ വെളിപ്പെടുത്തുമോ?

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly